നം.കെ.എസ്.എ.പി.റ്റി.എ.പി4 - 1383/2016 തീയ്യതി :03.01.2017

## പത്തനംതിട്ട ജില്ലയിലെ കടപ്ര ഗ്രാമപ്പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ കടപ്ര ഗ്രാമപ്പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്ത് 05.06.2016 മുതൽ 04.12.2016വരെ വിവിധ ഇനളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ ഗ്രാമപ്പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും, രേഖകളുടേയും, വിവരങ്ങളുടേയും, വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ, ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമുണ്ടായിരിക്കുന്നതല്ല.

### ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | ശ്രീ ഹബീബ് മുഹമ്മദ്, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 05.12.2016 മുതൽ 17.12.2016 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരുവിവരം | ശ്രീമതി പി.കെ.വിജയലക്ഷ്മി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)<br>ശ്രീ പി.അനിൽകുമാർ, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി സ്മിത റ്റി, ഓഡിറ്റർ |

### നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി തങ്കമണി നാണപ്പൻ | 01.04.2015 മുതൽ 31.10.2015 വരെ |
| | ഭരണ നിർവ്വഹണ സമിതി | 01.11.2015 മുതൽ 11.11.2015 |

| | | |
|---|---|---|
| | | വരെ |
| | ശ്രീ. ഷിബു വർഗ്ഗീസ് | 12.11.2015 മുതൽ 31.03.2016 വരെ |
| സെക്രട്ടറി | ശ്രീമതി ഇ.എം.കൃഷ്ണകുമാരി | 01.04.2015 മുതൽ 30.04.2016 വരെ |
| | ശ്രീ.സി.പി.സനൽകുമാർ | 01.05.2015 മുതൽ 28.05.2015വരെ) (ചാർജ്ജ്) |
| | ശ്രീമതി എൻ.ബി ഇന്ദിരാഭായി | 29.05.2015 മുതൽ 23.07.2015വരെ) (ചാർജ്ജ്) |
| | ശ്രീ.കെ.സതീഷ് കുമാർ | 24.07.2015മുതൽ 31.03.2016വരെ |

റിപ്പോർട്ടിന്റെ ഉള്ളടക്കം

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

ഭാഗം 1: പൊതു അവലോകനം

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

ഭാഗം 2: വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

രസീതു പരിശോധനയിലും ഗ്രാമപഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 3: ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

ഗ്രാമപഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 4: ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

അനുബന്ധം

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്
2. ബാലൻസ് ഷീറ്റ് - 2015-16
3. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് - 2015-16
4. റെസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് - 2015-16

ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം 1: പൊതു അവലോകനം | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രികയുടെ പരിശോധന | 1-3 |

| | | |
|---|---|---|
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| 10 | ജാഗ്രതാ സമിതികൾ നിയമാനുസൃതം വിളിച്ചുകൂട്ടുന്നില്ല | 1-10 |
| | ഭാഗം 2: വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 11 | സാംഖ്യ രസീത് സ്റ്റേഷനറി സ്റ്റോക്ക് രജിസ്റ്ററിന്റെ സൂക്ഷിപ്പ് തൃപ്തികരമല്ല | 2-1 |
| 12 | ബിൽഡിംഗ് പെർമിറ്റ് | 2-2 |
| 13 | തൊഴിൽനികുതി | 2-3 |
| 14 | ഡി ആന്റ് ഒ ലൈസൻസ് | 2-4 |
| 15 | മൊബൈൽടവറുകളുടെ വസ്തുനികുതി ഈടാക്കുന്നില്ല | 2-5 |
| 16 | മാർക്കറ്റ് ഭൂമി സ്വകാര്യ വ്യക്തി കൈയേറി അനധികൃത ഇറച്ചി വ്യാപാരം നടത്തുന്നു | 2-6 |
| 17 | പരസ്യനികുതി പിരിക്കുന്നില്ല | 2-7 |
| | ഭാഗം 3: ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 18 | ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർഫീസായ 36750 രൂപ നാളിതുവരെ തിരികെ വാങ്ങിയിട്ടില്ല | 3-1 |
| 19 | കരാർ പ്രവൃത്തികളിൽനിന്നും കാലി വീപ്പയുടെ വില ഈടാക്കിയില്ല | 3-2 |
| 20 | റോഡ് കോൺക്രീറ്റിംഗിന് അധിക നിരക്ക് നൽകിയ ഇനത്തിൽ 57522 രൂപ നഷ്ടം | 3-3 |
| 21 | ടാറിന്റെ അധിക നിരക്ക് കണക്കാക്കിയതിൽ കുറവ് - കൺവീനർക്ക് തുക അധികം നൽകി | 3-4 |
| 22 | സ്ഥാപിക്കാത്ത നെയിം ബോർഡിന് ചെലവഴിച്ച തുക തിരിച്ചടച്ചു | 3-5 |
| 23 | തെരുവ് നായ്ക്കളുടെ പ്രജനന നിയന്ത്രണ പരിപാടി - ജില്ലാപഞ്ചായത്തിന് തുക കൈമാറിയിട്ടും പദ്ധതി നടപ്പിലായില്ല | 3-6 |
| 24 | പഞ്ചായത്തിനു ലഭിച്ച സ്പെഷ്യൽ ഗ്രാന്റ് 19.3ലക്ഷം രൂപ പാഴാക്കി | 3-7 |

| | | |
|---|---|---|
| 18 | വയോജന സംഗമം - മാനസിക ഉല്ലാസ പരിപാടി - മാർഗ്ഗരേഖയുടെ ലംഘനം | 3-8 |
| 19 | പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ : അധികം തുക ചെലവഴിച്ചു | 3-9 |
| 20 | ആശുപത്രിക്ക് മരുന്ന വാങ്ങൽ : മരുന്ന് പൂർണ്ണമായും ലഭിച്ചില്ല | 3-10 |
| 21 | പത്താംതരം വിദ്യാർത്ഥികൾക്ക് സൈക്കിൾ: വിതരണം നടത്തിയത് മാർച്ചിൽ | 3-11 |
| 22 | എസ്.എസ്.എ പദ്ധതിക്കായി മാർഗ്ഗനിർദ്ദേശം പാലിക്കാതെ എസ്.സി.പി ഫണ്ട് ചെലവഴിച്ചു | 3-12 |
| 23 | പമ്പ് സെറ്റ് വിതരണം:ഗുണഭോക്താക്കളുടെ അർഹത പരിശോധിച്ച് ഉറപ്പുവരുത്തിയില്ല | 3-13 |
| 24 | പിരിച്ചെടുത്ത ലൈബ്രറി സെസ്സ് തനതുഫണ്ടിൽ സൂക്ഷിക്കുന്നു | 3-14 |
| 25 | ഇ.എം.എസ് ഭവനപദ്ധതി പൂർത്തീകരിച്ചില്ല | 3-15 |
| 26 | ഇ.എം.എസ് ഭവന പദ്ധതി: അക്കൌണ്ടിൽ നിഷ്ക്രിയമായി കിടക്കുന്നത് 14.4ലക്ഷം രൂപ | 3-16 |
| 27 | ഇ.എം.എസ് ഭവന പദ്ധതി: ഗുണഭോക്കളിൽനിന്ന് തിരികെ ഈടാക്കിയ തുക കൺസോളിഡേറ്റഡ് ഫണ്ടിൽ അടച്ചില്ല | 3-17 |
| | ഭാഗം 4: ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും | |
| 28 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 29 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 30 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത് | 4-3 |
| 31 | വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം | 4-4 |
| 32 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 33 | ഓഡിറ്റ് റിക്കവറി | 4-6 |
| 34 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 35 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 36 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-9 |


# ഭാഗം 1

## പൊതു അവലോകനം

## (1-1) ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2015 -16 വർഷത്തെ ബജറ്റ് സംബന്ധിച്ചുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| ബജറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പാസ്സാക്കിയ തിയ്യതി | 25.03.2015 |
| ബജറ്റ് ജനറൽ കമ്മറ്റി പാസ്സാക്കിയ തിയ്യതി | 28.03.2015 |

അടുത്ത സാമ്പത്തികവർഷം സ്ഥാപനത്തിന് ലഭിക്കാനുള്ള വരവിനങ്ങളും പ്രതീക്ഷിത ചെലവുകളും സമഗ്രമായി അപഗ്രഥിച്ച് വേണം ബജറ്റിൽ പ്രതീക്ഷിത വരവ് ചെലവ് തുകകൾ കണക്കാക്കേണ്ടത്. എന്നാൽ ഇപ്രകാരം ചെയ്യാതിരുന്നതിനാൽ ബജറ്റിൽ വിഭാവനം ചെയ്തിരുന്നതുപോലെ തനതു വരുമാനം ആർജ്ജിക്കാൻ സ്ഥാപനത്തിന് സാധിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് നിർദ്ദേശം | യഥാർത്ഥ വരവ് | വ്യത്യാസം |
|---|---|---|---|
| വസ്തുനികുതി | 5000000 | 2958171 | (-)2041829 |
| തൊഴിൽനികുതി | 3000000 | 2416920 | (-)583080 |
| വാടക | 600000 | 214781 | (-)385219 |
| പെർമിറ്റ് ഫീ | 1500000 | 165100 | (-)1334900 |

സർക്കാർ പിരിച്ചെടുക്കാൻ അനുമതി നൽകിയിട്ടുള്ള മുഴുവൻ നികുതി ഇനങ്ങളും ബജറ്റിൽ ഉൾപ്പെടുത്തുകയോ പിരിച്ചെടുക്കുകയോ ചെയ്തിട്ടില്ല. (ഉദാ. പരസ്യ നികുതി). ബജറ്റിനോട് ഗൗരവപൂർണ്ണമായ സമീപനം സ്വീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത പദ്ധതികൂടി ഉൾപ്പെടുത്തി ബജറ്റ് പുതുക്കി ഭരണസമിതിയുടെ അംഗീകാരം തേടേണ്ടതുണ്ട്. അപ്രകാരം 2015-16 സാമ്പത്തിക വർഷം ബജറ്റ് പുതുക്കി അംഗീകാരം വാങ്ങിയിട്ടില്ല. ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവുകൾക്ക് യഥാർത്ഥ വരവ് ചെലവുകളുമായി യാതൊരു പൊരുത്തവുമുണ്ടായിരുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം |
|---|---|---|---|
| മുന്നിരിപ്പ് | 1505416 | 18212409 | 16706993 |
| വരവ് | 73758000 | 28541581 | 45216419 |
| ആകെ | 75263416 | 46753990 | 28509426 |
| ചെലവ് | 70646103 | 39144587 | 31501516 |
| നീക്കിയിരിപ്പ് | 4617313 | 7609403 | 2992090 |

കേരള പഞ്ചായത്ത് രാജ് നിയമത്തിൽ നിഷ്കർഷിച്ചിരുന്ന നടപടി ക്രമങ്ങൾ പാലിച്ച് യാഥാർത്ഥ്യ ബോധത്തോടെയുള്ള ബജറ്റ് തയ്യാറാക്കാത്തതിനാൽ സാമ്പത്തിക നിയന്ത്രണം എന്ന വിശാലമായ ലക്ഷ്യം കൈവരിക്കാൻ സാധിച്ചിട്ടില്ല.

## (1-2) വാർഷിക ധനകാര്യപത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 15-05-2016 | 29.06.2016 |

2011-ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് റൂൾസ് പ്രകാരം മേയ് 15-ാം തീയതിക്കുള്ളിൽ മുൻ സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക തയ്യാറാക്കി പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച് ഓഡിറ്റിന് സമർപ്പിക്കേണ്ടതായിരുന്നു. എന്നാൽ ചട്ടം അനുശാസിക്കുന്ന സമയ പരിധിയ്ക്കുള്ളിൽ വാർഷിക കണക്കുകൾ

ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല. വീഴ്ച ഭാവിയിൽ ആവർത്തിക്കാതിരിക്കുന്നതിലേക്ക് ശ്രദ്ധയിൽപ്പെടുത്തുന്നു.

## (1-3 ) വാർഷിക ധനകാര്യപത്രികയുടെ പരിശോധന

2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ ചുവടെ പറയുന്ന ന്യൂനത ഉണ്ട്.

1. തൻവർഷ വസ്തു നികുതി ഡിമാന്റ് തുകയുടെ കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല. സഞ്ചയ സോഫ്റ്റ് വെയറിൽ വസ്തുനികുതി പുനർനിർണ്ണയത്തിന്റെ ഭാഗമായുള്ള ഫാറം 6-ലുള്ള ഡാറ്റാ എൻട്രി പൂർത്തീകരിച്ചിട്ടില്ല. എല്ലാ കെട്ടിടങ്ങളുടെയും വസ്തുനികുതി പുനർനിർണ്ണയിച്ച് ഡിമാന്റ് ചെയ്തിട്ടില്ല.
2. ബി11ഷെഡ്യൂൾ പ്രകാരമുള്ള ആസ്തികളുടെ വിവരം കൃത്യമല്ല. 2011ന മുൻപ് ആർജ്ജിച്ച ആസ്തികൾ ബി11ഷെഡ്യൂളിൽ ഉൾപ്പെടുന്നില്ല.

## (1-4) സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 18212409 |
| വരവ് | 28541581 |
| ആകെ | 46753990 |
| ചെലവ് | 39144587 |
| നീക്കിബാക്കി | 7609403 |

## (1-5 ) ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ട്രാൻസ്ഫർ ക്രെഡിറ്റ് | ആകെ വരവ് | ചെലവ് | ട്രാൻസ്ഫർ ക്രെഡിറ്റ് | ആകെ ചെലവ് | നീക്കിബാക്കി |
|---|---|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 2754001 | 535570 | 4645772 | 7935343 | 7935343 | 0 | 7935343 | 0 |
| എസ്.സി.പി | 1761630 | 3731836 | 0 | 5493466 | 5321800 | 171666 | 5493466 | 0 |
| ലോകബാങ്ക് ധനസഹായം | 2342896 | 1055221 | 0 | 3398117 | 1539217 | 1858900 | 3398117 | 0 |
| സി.എഫ്.സി ഗ്രാന്റ് | 1868628 | 5278086 | 0 | 7146714 | 4531508 | 2615206 | 7146714 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 635925 | 4084048 | 0 | 4719973 | 4719973 | 0 | 4719973 | 0 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 1163183 | 604322 | 0 | 1767505 | 1767505 | 0 | 1767505 | 0 |

## (1-6 ) പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം | നടപ്പാക്കിയത് | ഭാഗികമായി | നടപ്പാക്കാത്തവ | പൂർത്തീകരിച്ച |
|---|---|---|---|---|

| ലഭിച്ചത് | | നടപ്പാക്കിയത് | | പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 134 | 109 | 14 | 25 | 81.34 |

പദ്ധതി നിർവ്വഹണ വിവരങ്ങൾ

| വികസന മേഖല | അംഗീകരിച്ച പ്രോജക്റ്റുകൾ | | നടപ്പാക്കിയ പ്രോജക്റ്റുകൾ | | |
|---|---|---|---|---|---|
| | എണ്ണം | അകെ തുക | എണ്ണം | ചെലവ് തുക | ചെലവ് % |
| ഉല്പാദനം (ജനറൽ) | 16 | 4271810 | 12 | 2167172 | 50.73 |
| ഉല്പാദനം (SCP) | 0 | 0 | 0 | 0 | 0 |
| സേവനം (ജനറൽ) | 48 | 16513803 | 37 | 8075802 | 48.9 |
| സേവനം (SCP) | 14 | 6098030 | 13 | 4204737 | 68.95 |
| സേവനം ((TSP) | 1 | 24000 | 0 | 0 | 0 |
| പശ്ചാത്തലം (ജനറൽ) | 52 | 17155305 | 44 | 12407722 | 72.33 |
| പശ്ചാത്തലം (SCP) | 3 | 12776600 | 3 | 1129063 | 8.84 |
| മേഖലാ വിഭജനത്തിൽപ്പെടാത്തത് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |

## (1-7) തനത് വരുമാനം

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 4978580 | 4689679 | -288901 | -5.8 |
| നികുതിയേതര വരവുകൾ | 239569 | 274873 | 35304 | 14.74 |
| മറ്റ് വരവുകൾ | 480534 | 192714 | -287820 | -59.9 |
| ആകെ | 5698683 | 5157266 | -541417 | -9.5 |

നികുതി, നികുതിയേതര വരുമാനത്തിലുണ്ടായ കുറവ് ശ്രദ്ധയിൽപ്പെടുത്തുന്നു. ലൈസൻസ് ഫീസ് ഉൾപ്പെടെയുള്ള വരുമാന സ്രോതസ്സുകൾ പൂർണ്ണമായും പ്രയോജനപ്പെടുത്തിയിട്ടില്ല. വസ്തുനികുതി കുടിശ്ശിക പിരിവ് ഊർജ്ജിതപ്പെടുത്തേണ്ടതാണ്.

## (1-8) ക്യാഷ് വെരിഫിക്കേഷൻ

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05.12.2016ന് 10.45AM മണിക്ക് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 51363/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## (1-9) മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | നടത്തിയ തീയ്യതി | | |
| 1 | പെർഫോമൻസ് ഓഡിറ്റ് | 05.10.2016 | 08/2016 & 09/2016 | റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടില്ല |
| 2 | അക്കൗണ്ടൻറ് ജനറലിന്റെ ഓഡിറ്റ് | 31.10.2016 മുതൽ 14.11.2016 വരെ | 2011-12 മുതൽ 2015-16 വരെ | റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടില്ല |

## (1-10 ) ജാഗ്രതാ സമിതികൾ നിയമാനുസൃതം വിളിച്ചുകൂട്ടുന്നില്ല

സ്ത്രീകൾക്കും പെൺകുട്ടികൾക്കും എതിരേ ഉണ്ടാകുന്ന അതിക്രമങ്ങൾ, സ്വാതന്ത്ര്യ നിഷേധം, അവകാശ ലംഘനം എന്നീ വിഷയങ്ങളിൽ ഇടപെട്ട് അവ പരിഹരിക്കാനും സമാനമായ പ്രശ്നങ്ങൾ ഉണ്ടാകാത്ത തരത്തിലുള്ള സാമൂഹ്യസൃഷ്ടിക്കും വേണ്ടി പ്രാദേശിക സർക്കാർ തലത്തിൽ പ്രവർത്തിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് രൂപീകരിച്ചതാണ് ജാഗ്രതാ സമിതികൾ. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനും ഐ.സി.ഡി.എസ് സൂപ്പർ വൈസർ കൺവീനറും ആയി വനിതാ മെമ്പർ, വനിതാ അഭിഭാഷക, സി.ഡി.എസ് ചെയർ പേഴ്സൺ, സ്ഥലത്തെ സബ് ഇൻസ്പെക്ടർ, എസ്.സി/എസ്.റ്റി വിഭാഗത്തിൽപ്പെട്ട സാമൂഹ്യ പ്രവർത്തക, ഇതേ വിഭാഗത്തിലെ വനിതാ മെമ്പർ, കൗൺസിലർ, ഡോക്ടർ എന്നിവരാണ് പഞ്ചായത്ത് തല ജാഗ്രതാസമിതിയിൽ ഉൾപ്പെടുന്നത്.

കടപ്ര ഗ്രാമപഞ്ചായത്തിൽ ജാഗ്രതാസമിതി രൂപീകരിച്ചിട്ടുണ്ടെങ്കിലും ഇതിന്റെ പ്രവർത്തനം മന്ദീഭവിച്ച നിലയിലാണ്. മൂന്നു മാസത്തിലൊരിക്കൽ ജാഗ്രതാസമിതി യോഗം ചേരേണ്ടതാണെന്ന നിർദ്ദേശം പാലിക്കപ്പെടുന്നില്ല. അവസാനമായി വാർഡുതലത്തിലും പഞ്ചായത്തുതലത്തിലും ജാഗ്രതാസമിതി കൂടിയത് 01/2016 ലാണ്.

പഞ്ചായത്തിലെ ജാഗ്രതാസമിതിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും ജനകീയവും ആക്കിത്തീർക്കുന്നതിനാണ് വാർഡിൽ മെമ്പർമാരുടെ നേതൃത്വത്തിൽ വാർഡ് തല ജാഗ്രതാ സമിതികൾ രൂപീകരിക്കുന്നത്. പഞ്ചായത്ത് തലത്തിലുള്ള ജാഗ്രതാസമിതി എടുക്കുന്ന തീരുമാനങ്ങൾ, ബോധന പരിപാടികൾ എന്നിവ ഫലപ്രദമായി നടപ്പിലാക്കുകയെന്നത് ഈ സമിതിയുടെ ലക്ഷ്യങ്ങളാണ്. കൂടാതെ താഴെ തലങ്ങളിലുള്ള ജനങ്ങൾക്ക് ജാഗ്രതാ സമിതിയുടേയും വനിതാ കമ്മീഷന്റേയും സേവനം ലഭിക്കുന്ന തരത്തിൽ പ്രവർത്തിക്കുകയെന്നതും ഇതിന്റെ പരമപ്രധാനമായ ലക്ഷ്യമാണ്. ആയതിനാൽ ജാഗ്രതാസമിതികൾ യഥാസമയം വിളിച്ചുകൂട്ടുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## (2-1) സാംഖ്യ രസീത് സ്റ്റേഷനറി സ്റ്റോക്ക് രജിസ്റ്ററിന്റെ സൂക്ഷിപ്പ് തൃപ്തികരമല്ല

സാംഖ്യ രസീത് സ്റ്റേഷനറി സംബന്ധിച്ച സ്റ്റോക്ക് രജിസ്റ്ററിൽ വിവരങ്ങൾ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല. സ്റ്റേഷനറി യഥാസമയം സ്റ്റോക്കിലെടുക്കുന്നുണ്ടെങ്കിലും വിതരണം ചെയ്യുന്ന തീയതിയോ രസീതുകളുടെ എണ്ണമോ രേഖപ്പെടുത്താതിരിക്കുന്നതിനാൽ രസീത് ഉപയോഗത്തിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചില്ല.

18.08.2016 മുതൽ ഉപയോഗിച്ച 1915601 മുതൽ 1917000 വരെയുള്ള സ്റ്റേഷനറിയുടെ വിതരണ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. അപാകത പരിഹരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## (2-2) ബിൽഡിംഗ് പെർമിറ്റ്

ബിൽഡിംഗ് പെർമിറ്റ് അപേക്ഷകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

| അപേക്ഷകന്റെ പേരും മേൽവിലാസവും | ബിൽഡിംഗ് പെർമിറ്റ് നം. | അപാകതകൾ |
|---|---|---|
| റാണി തോമസ്, ചില്ലപറമ്പിൽ, വളഞ്ഞവട്ടം പി.ഒ | 73/2015-16 13.11.2015 | ബിൽഡിംഗ് ഡിസൈനറുടെ ലൈസൻസ് സർട്ടിഫിക്കറ്റ് ഇല്ല. അപേക്ഷാ ഫോറത്തിലുള്ള അണ്ടർടേക്കിംഗ് ഉൾപ്പടുത്തിയിട്ടില്ല. |
| സുധാകരൻ നായർ, തോപ്പിൽ, നിരണം.പി.ഒ | 71/2015-16 11.11.2015 | ബിൽഡിംഗ് ഡിസൈനറുടെ ലൈസൻസ് സർട്ടിഫിക്കറ്റ് ഇല്ല. |

മേൽ അപാകതകൾ ഉണ്ടാകാതിരിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## (2-3) തൊഴിൽനികുതി

കടപ്ര കൃഷിഭവനിലെ കൃഷി അസിസ്റ്റന്റ് ശ്രീമതി സോമലക്ഷ്മിയുടെ രണ്ടാം അർദ്ധ വാർഷിക വരുമാനം 1,25,570 രൂപയാണെന്ന് ഓഫീസ് മേധാവി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഇതുപ്രകാരം ടിയാളിൽനിന്നും ഈടാക്കേണ്ട തൊഴിൽനികുതി 1250 രൂപയാണ്. എന്നാൽ 1000 രൂപ മാത്രമേ ഈടാക്കിയിട്ടുള്ളൂ. ഈയിനത്തിലെ നഷ്ടം 250രൂപ ടിയാളിൽനിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## (2-4) ഡി ആന്റ് ഒ ലൈസൻസ്

*എ) അംഗീകൃത റേഷൻ ഷോപ്പുകൾ ഡി &ഒ ലൈസൻസ് എടുക്കുന്നില്ല*

ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.ecostat.kerala.gov.in പ്രസിദ്ധീകരിച്ചിട്ടുള്ള കണക്കുകൾ പ്രകാരം കടപ്ര ഗ്രാമപ്പഞ്ചായത്തിൽ 15 റേഷൻകടകൾ നിലവിൽ പ്രവർത്തിച്ചുവരുന്നു. എന്നാൽ ഇവയിൽ രണ്ട് സ്ഥാപനങ്ങൾ മാത്രമാണ് പഞ്ചായത്തിൽനിന്ന് ഡി ആന്റ് ഒ ലൈസൻസ് എടുത്തിട്ടുള്ളത്. മറ്റുള്ളവയെ നാളിതുവരെ ലൈസൻസ് പരിധിയിൽ കൊണ്ടുവരാൻ പഞ്ചായത്തിന് സാധിച്ചിട്ടില്ല.

1996ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ മൂന്നാം ചട്ടത്തിന്റെ പട്ടിക ഒന്നിൽ വരുന്നതാണ് റേഷൻ കടകൾ. ഇവ ലൈസൻസ് എടുക്കാതിരിക്കുന്നതിലൂടെ ലൈസൻസ് ഫീസ് ഇനത്തിലും സ്ഥാപന തൊഴിൽ നികുതിയിനത്തിലും പഞ്ചായത്തിന് പ്രതിവർഷം വലിയ തുക നഷ്ടപ്പെടുന്നു. മുഴുവൻ റേഷൻ കടകളും ലൈസൻസ് എടുക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതും വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

*ബി) ലൈസൻസ് വിതരണത്തിൽ ഗവ.സർക്കുലറിലെ നിർദ്ദേശം പാലിച്ചിട്ടില്ല*

ഡി ആന്റ് ഒ ലൈസൻസ് എടുക്കുന്നതിനും ലൈസൻസ് പുതുക്കുന്നതിനുമായി ലഭിക്കുന്ന എല്ലാ അപേക്ഷകളിന്മേലും ഹെൽത്ത് ഇൻസ്പെക്ടർ അന്വേഷണം നടത്തി റിപ്പോർട്ട് നൽകണമെന്നും ഇത് സംബന്ധിച്ച് ഹെൽത്ത് ഇൻസ്പെക്ടർ ഒരു പേഴ്സണൽ രജിസ്റ്റർ സൂക്ഷിക്കേണ്ടതാണെന്നും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 10.01.2013 ലെ 66562/RC3/2012 -ാം നമ്പർ സർക്കുലറിൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഡി ആന്റ് ഒ ലൈസൻസിനായി ലഭിച്ച ഏതാനും അപേക്ഷകളിൽ മാത്രമേ ഹെൽത്ത് ഇൻസ്പെക്ടറിൽനിന്ന് അന്വേഷണ റിപ്പോർട്ട് വാങ്ങിയിട്ടുള്ളൂ. പേഴ്സണൽ രജിസ്റ്റർ സൂക്ഷിക്കണമെന്ന നിർദ്ദേശം പാലിച്ചിട്ടുമില്ല.

ലൈസൻസ് എടുത്തിട്ടുള്ളതിൽനിന്ന് വ്യത്യസ്തമായതും ലൈസൻസിൽ ഉൾപ്പെടാത്തതുമായ വസ്തുക്കളുടെ വില്പന നിരീക്ഷിക്കുന്നതിനും ഇതുമൂലമുണ്ടാകുന്ന നഷ്ടം കണ്ടെത്തി ഒഴിവാക്കുന്നതിനും പൊതുജനാരോഗ്യം

ഉറപ്പുവരുത്തുന്നതിനുമായി സർക്കാർ പുറപ്പെടുവിച്ച പ്രസ്തുത സർക്കുലറിലെ നിർദ്ദേശം പാലിക്കേണ്ടതാണ്.

## (2-5) മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്ത് പരിധിയിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള ഏഴ് മൊബൈൽ ടവറുകളുടെയും വസ്തുനികുതി പുനർ നിർണ്ണയിച്ചിട്ടുണ്ട്. എന്നാൽ ഇവയിൽ ആറ് ടവറുകളുടെ വസ്തുനികുതി പൂർണ്ണമായി പിരിച്ചെടുത്തിട്ടില്ല. വസ്തുനികുതി കുടിശ്ശികയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ടവറിന്റെ വിവരം | വാർഡ് നം/ കെട്ടിടനമ്പർ | നിർണ്ണയിച്ച നികുതി | കുടിശ്ശിക |
|---|---|---|---|---|
| 1 | ബിഎസ്എൻഎൽ | III/99A | BT 19200<br>ST 1920<br>LC 960 | നാളിതുവരെ അടച്ചിട്ടില്ല |
| 2 | ഇൻഡസ് ടവേഴ്സ് | III/185A | BT 20400<br>ST 2040<br>LC 1020 | 2014-15 വരെ അടച്ചു. |
| 3 | ബിഎസ്എൻഎൽ | IV/376A | BT 16000<br>ST 100<br>LC 800 | നാളിതുവരെ അടച്ചിട്ടില്ല |
| 4 | ഐഡിയ | VII/124A | BT 21000<br>ST 2100<br>LC 1050 | കുടിശ്ശിക ഇല്ല |
| 5 | ഭാരതി എയർടെൽ | VIII/377A | BT 20400<br>ST 2040<br>LC 1020 | 2012-13 വരെ അടച്ചു. |
| 6 | റിലയൻസ് | VIII/196C | BT 15300<br>ST 1530<br>LC 765 | 2013-14 വരെ അടച്ചു. |
| 7 | ഭാരതി ഇൻഫ്രാടെൽ | X/149A | BT 20400<br>ST 2040<br>LC 1020 | നാളിതുവരെ അടച്ചിട്ടില്ല |

മൊബൈൽടവറുകളുടെ വസ്തുനികുതി കുടിശ്ശിക പൂർണ്ണമായി പിരിച്ചെടുക്കേണ്ടതാണ്.

## (2-6) മാർക്കറ്റ് ഭൂമി സ്വകാര്യ വ്യക്തി കൈയേറി അനധികൃത ഇറച്ചി വ്യാപാരം നടത്തുന്നു

കടപ്ര ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മാർക്കറ്റ് ഭൂമി ഒരു സ്വകാര്യവ്യക്തി കൈയേറി കടമുറി നിർമ്മിച്ച് വർഷങ്ങളായി ഇറച്ചിവ്യാപാരം നടത്തിവരുന്നു. എന്നാൽ ഇതിനെതിരെ നാളിതുവരെ യാതൊരു

നടപടിയും ഗ്രാമപ്പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. 'കീർത്തി ചിക്കൻ കോർണർ' എന്ന പേരിൽ പ്രവർത്തനം തുടരുന്ന പ്രസ്തുത സ്ഥാപനത്തിൽ കോഴിയിറച്ചി കൂടാതെ മാട്ടിറച്ചിയുടെയും വ്യാപാരം നടക്കുന്നുണ്ടെന്ന് പ്രാദേശികപരിശോധനയിൽ ബോധ്യപ്പെട്ടു. 1996 ലെ കേരള പഞ്ചായത്ത് രാജ് (കൈയേറ്റം നീക്കം ചെയ്യലും അനധികൃതമായി കൈവശം വയ്ക്കുന്നതിന് പിഴ ചുമത്തലും ഈടാക്കലും ) ചട്ടങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്തിന് അനധികൃത കൈവശക്കാരെ ഒഴിപ്പിക്കാൻ സാധിക്കുന്നതാണ്. പഞ്ചായത്ത് കമ്മിറ്റി ഈ വിഷയത്തിൽ ഇടപെടാതിരിക്കുന്നത് ആസ്തിസംരക്ഷണത്തിലുള്ള കടുത്ത അലംഭാവമായി ഓഡിറ്റ് വിലയിരുത്തുന്നു. അടിയന്തിര നടപടികൾ സ്വീകരിച്ച് കൈയേറ്റം ഒഴിപ്പിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## (2-7) പരസ്യനികുതി പിരിക്കുന്നില്ല

പഞ്ചായത്ത് പ്രദേശത്ത് പ്രദർശിപ്പിച്ചിട്ടുള്ള പരസ്യങ്ങളിൻമേൽ നികുതി പിരിക്കുന്നതിന് കേരള പഞ്ചായത്ത് രാജ് നിയമം 209-ാം വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്തിന് അധികാരമുണ്ട്. ബൈലൊ തയ്യാറാക്കി, പരസ്യനികുതി പിരിക്കാനുള്ള അവകാശം ലേലം ചെയ്തു നൽകാവുന്നതാണെന്ന് വകുപ്പ് 209 ഡി യിൽ പറഞ്ഞിട്ടുണ്ട്. എന്നാൽ കടപ്ര ഗ്രാമപ്പഞ്ചായത്തിൽ നാളിതുവരെ പരസ്യനികുതി പിരിച്ചുതുടങ്ങിയിട്ടില്ല. തിരക്കേറിയ മാവേലിക്കര-തിരുവല്ല റോഡ് കടന്നുപോകുന്ന കടപ്ര പഞ്ചായത്തിൽ പരസ്യനികുതി ഏർപ്പെടുത്താതിരിക്കുന്നത് തികഞ്ഞ അലംഭാവമാണ്. പഞ്ചായത്ത് ഡയറക്ടറുടെ 18-05-2005 ലെ ഉത്തരവ് നമ്പർ സി5-15253/04 പ്രകാരം പരസ്യനികുതി പിരിക്കുന്നതിന് ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങേണ്ടതാണ്. ഈ വിഷയത്തിൽ പഞ്ചായത്ത് ഭരണസമിതി ഗുരുതരമായ അലംഭാവമാണ് കാണിക്കുന്നത്. ആയതിനാൽ അടിയന്തിര നടപടികൾ സ്വീകരിച്ച് പരസ്യനികുതിയിനത്തിലുള്ള വരുമാനം ആർജ്ജിക്കേണ്ടതും വിവരം ഓഡിററിൽ അറിയിക്കേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## (3-1) ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർഫീസായ 36750 രൂപ നാളിതുവരെ തിരികെ വാങ്ങിയിട്ടില്ല

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2015-16 വർഷം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറ വില(ടെണ്ടർ ഫീസ്) ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ ഒടുക്കിയത് നാളിതുവരെ ഗ്രാമപഞ്ചായത്ത് തിരികെ വാങ്ങിയിട്ടില്ല.

28/9/13-ലെ ജി.ഒ(എം.എസ്)318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ഈ അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. ജി.ഒ(പി)3/2015/ഫിൻ തീ.5/1/15 പ്രകാരം 50000 മുതൽ 10 ലക്ഷം വരെ അടങ്കലുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫോറ വില അടങ്കൽ തുകയുടെ 0.2% കുറഞ്ഞത് 500രൂപ എന്ന് നിശ്ചയിച്ചിരുന്നു. 5% വാറ്റ് ഉൾപ്പടെ കണക്കാക്കി വേണം ആകെ ടെണ്ടർ ഫീസ് വാങ്ങേണ്ടത്.എന്നാൽ 2015-16 വർഷം 22 മരാമത്ത് പ്രവൃത്തികൾ ഇ-ടെണ്ടർ ചെയ്തുവെങ്കിലും ടെണ്ടർ ഫീസ് ഇനത്തിൽ കരാറുകാർ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ ബാങ്ക് അക്കൗണ്ടിൽ ഓൺലൈൻ ആയി ആകെ ഒടുക്കിയ തുക സംബന്ധിച്ച വിവരങ്ങൾ അസിസ്റ്റന്റ് എൻജിനീയറുടെ ഓഫീസിൽ സൂക്ഷിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട തുക തിരികെ വാങ്ങാൻ നാളിതുവരെ യാതൊരു നടപടികളും സ്വീകരിച്ചിട്ടുമില്ല. ഇ-ടെണ്ടർ പ്രകാരം ലഭിച്ച ടെണ്ടറുകളുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | മരാമത്ത് പ്രവൃത്തിയുടെ പേര് | ലഭിച്ച ടെണ്ടറുകളുടെ എണ്ണം | ടെണ്ടർ ഫീസ് | വാറ്റ് | ആകെ തുക |
|---|---|---|---|---|---|
| 1 | മാത്തിൽപ്പടി പള്ളിപ്പടി റോഡ് | 3 | 1200x3= | 180 | 3780 |

| | | | | | |
|---|---|---|---|---|---|
| | ടാറിംഗ്<br>76/16<br>അടങ്കൽ- 600000 | | 3600 | | |
| 2 | ഷോണപ്പടി മുറ്റത്ത്പള്ളം റോഡ് വാർഡ്4 , 56/16<br>അടങ്കൽ- 298803 | 3 | 1400x3=<br>4200 | 210 | 4410 |
| 3 | നടുവിലേത്തോപ്പിൽ കോളനി വാർഡ് 6,107/16, 580000 | 3 | 1350x3=<br>4050 | 202.50 | 4252.50 |
| 4 | മുറ്റത്തുപടി കുരിയിലപ്പടി റോഡ് ടാറിംഗ്, 53/16, | 3 | 1050x3<br>=3150 | 157.50 | 3307.50 |
| 5 | പി.എച്ച്.സി.കെട്ടിട നിർമ്മാണം രണ്ടാം ഘട്ടം, 96/16 | 2 | 5000x2<br>=10000 | 500 | 10500 |
| 6 | ചാമക്കാലക്കോളനി സംരക്ഷണഭിത്തിനിർമ്മാണവും അനുബന്ധപ്രവർത്തിയും<br>93/16 | 2 | 5000x2<br>=10000 | 500 | 10500 |
| | ആകെ | | | 1750 | 36750 |

2014-15 വർഷം ഇ-ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ഉൾപ്പടെ 36750 രൂപ തിരികെ വാങ്ങാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. വാറ്റ് ഇനത്തിൽ ഈടാക്കിയ 1750 രൂപ വാണിജ്യ നികുതി വകുപ്പിൽ അടവാക്കേണ്ടതും ടെണ്ടർ ഫീസ് ഇനത്തിൽ വരവ് വന്ന 35000 രൂപ ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേയക്ക് മുതൽ കൂട്ടേണ്ടതുമാണ് .

## (3-2) കരാർ പ്രവൃത്തികളിൽനിന്നും കാലി വീപ്പയുടെ വില ഈടാക്കിയില്ല

2014ലെ ഡിഎസ് ആർ നിരക്കുകൾ ആധാരമാക്കിയാണ് ടാറിംഗ് വേലകളുടെ എസ്റ്റിമേറ്റ് തയാറാക്കിയത്. പോട്ട് ഹോൾ ഫില്ലിംഗ്, സീൽകോട്ട്, ചിപ്പിംഗ് കാർപ്പറ്റ്, ടാക് കോട്ട് എന്നീ ടാർ ഉപയോഗ ഇനങ്ങൾക്ക് ടണ്ണിന് 50600രൂപ വിലയുള്ള വിജി10ടാർ(VG-10) കൺവേയൻസ് ഉൾപ്പെടെയുള്ള തുക ഉൾപ്പെടുത്തിയാണ് നിരക്ക് നിർണയിച്ചിട്ടുള്ളത്. ടി നിരക്ക് പ്രകാരം തുക അനുവദിക്കുമ്പോൾ സി.പി.ഡബ്ലിയു.ഡി. സ്പെസിഫിക്കേഷനിലെ വ്യവസ്ഥകൾ പ്രകാരം ഒഴിഞ്ഞ ബാരലിന്റെ വില ഈടാക്കേണ്ടതാണ്. എന്നാൽ ഓഡിറ്റ് വർഷം അസിസ്റ്റന്റ് എഞ്ചിനിയർ ടെണ്ടർ/ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കിയ ടാറിംഗ് വേലകളിൽ ഉപയോഗിച്ച ടാറിന്റെ ഒഴിഞ്ഞ ബാരൽ വില ഈടാക്കിയില്ല. ഇതുമൂലം താഴെപ്പറയുംപ്രകാരം 13750 രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ താഴെച്ചേർക്കുന്നു.

| ക്രമ നം. | പ്രോജ.നം | എം.ബുക്ക് നം. | ചെലവു വിവരം, | കോൺട്രാക്ടറുടെ പേര് | ഉപയോഗിച്ച ടാറിന്റെ അളവ് | ഒഴിഞ്ഞ ബാരലിന്റെ വില (238+5%vat) | | ആകെ |
|---|---|---|---|---|---|---|---|---|
| | | | | | | ബാരലിന്റെ വില | വാറ്റ് | |
| 1. | 76/16 | 41/15-16 | Qബിൽ നം. 18/15-16 | ബിനോയ്.വി.പി. | 3068.56kg<br>(20 ബാരൽ) | 238x20<br>=4760 | 12x20<br>=240 | 5000 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | dtd.2.3.16, 527596/- | | | | | |
| 2. | 56/16 | 111/15-16 | ബിൽ നം 22/16.03.16, 622187/- | ജിജ്ഞ. | 1863.96kg (12 ബാരൽ) | 238x12 =2856 | 12x12 =144 | 3000 |
| 3 | 107/16 | 170/15-16 | ബിൽ നം. 24/16.03.16. 667000/- | അനിൽ.എസ് | 2329.95kg (15ബാരൽ) | 238x15 =3570 | 12x15 =180 | 3750 |
| 4 | 53/16 | 42/15-16 | ബിൽ നം 21/16.03.16 473066/- | മോൻസൺ ഐസക് | 1141.20kg (8ബാരൽ) | 238x8 =1904 | 12x8=96 | 2000 |
| ആകെ | | | | | | 13090 | 660 | 13750 |

കാലി വീപ്പയുടെ വില ഈടാക്കാത്തതുമൂലം പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം 13090 രൂപയും വാറ്റിനത്തിൽ നഷ്ടമായ 660 രൂപയും ഉൾപ്പെടെ 13750രൂപ ഉത്തരവാദിയായ അസി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതും, വാറ്റിനത്തിലുള്ള 660 രൂപ വാണിജ്യനികുതി വകുപ്പിൽ അടവാക്കേണ്ടതുമാണ്.

## (3-3) റോഡ് കോൺക്രീറ്റിംഗിന് അധിക നിരക്ക് നൽകിയ ഇനത്തിൽ 29463 രൂപ നഷ്ടം

2015-16-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അസി.എഞ്ചിനീയർ നടപ്പിലാക്കിയ വിവിധ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ 1:2:4 അനുപാതത്തിൽ 20 mm മെറ്റൽ ഉപയോഗിച്ചുള്ള കോൺക്രീറ്റിംഗിന് അധിക നിരക്ക് നൽകിയിട്ടുള്ളതായി കാണുന്നു. 17.04.2013-ൽ പ്രാബല്യത്തിൽ വന്നിട്ടുള്ള DSR (Delhi Scheduled Rate) പ്രകാരമാണ് 2015-16 വാർഷിക പദ്ധതിയിലെ മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നടത്തിയിട്ടുള്ളത്. CPWD, Analysis of rates-2014, Volume-1 പ്രകാരം 1:2:4 അനുപാതത്തിലുള്ള റോഡ് കോൺക്രീറ്റിംഗിന്റെ (DSR Code: 4.1.3) അടിസ്ഥാന നിരക്ക് (Base rate) 4753.29 രൂപയാണ്. PWD, ചീഫ് എഞ്ചിനീയറുടെ 15.12.2014-ലെ CD/Admin/PLA/1014/2005 സർക്കുലർ പ്രകാരം പത്തനംതിട്ട ജില്ലയ്ക്ക് 01.04.2014 മുതൽ ബാധകമായ Cost Index 40.95% ആണ്. ഇതു പ്രകാരം 1:2:4 കോൺക്രീറ്റിംഗിന് നൽകാവുന്ന നിരക്ക് 6699.66/m$^3$ ആണ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

For 1:2:4 Concreting (DSR Code:4.1.3) - Details of cost for 1 cum

| 1:2:4 (1 Cement:2 Course sand:4 graded stone aggregate 20mm nominal size) | | | | | |
|---|---|---|---|---|---|
| Code No | Description | Unit | Quantity | Rate | Amount |
| 0295 | Stone aggregate (Single size)-20mm nominal size | Cum | 0.670 | 1175 | 787.25 |
| 0297 | Stone aggregate (Single size)-10mm nominal size | Cum | 0.220 | 1175 | 258.50 |
| 2202 | Carriage of Stone aggregate below 40mm nominal size | Cum | 0.890 | 106.49 | 94.78 |
| 0982 | Coarse sand(Zone III) | Cum | 0.445 | 1200 | 534 |

| | | | | | |
|---|---|---|---|---|---|
| 2203 | Carriage of Coarse sand | Cum | 0.445 | 106.49 | 47.39 |
| 0367 | Portland Cement(0.2225 cum) | Tonne | 0.320 | 6300 | 2016 |
| 2209 | Carriage of Cement | Tonne | 0.320 | 94.65 | 30.29 |
| | Labour | | | | |
| 0155 | Mason(Average) | Day | 0.100 | 417 | 41.70 |
| 0114 | Beldar | Day | 1.630 | 329 | 536.27 |
| 0101 | Bhisti | Day | 0.700 | 363 | 254.10 |
| 0002 | Hire Charge of concrete mixer 0.25 to 0.40 cum with Hopper | Day | 0.070 | 800 | 56.00 |
| 0012 | Vibrator(needle type 40mm) | Day | 0.070 | 350 | 24.50 |
| 9999 | Sundries | LS | 14.30 | 1.78 | 25.45 |
| | | | | Total | 4706.23 |
| Add water charge 1% | | | | | 47.06 |
| Sub Total | | | | | 4753.29 |
| Cost Index for Pathanamthitta, 40.95% | | | | | 1946.47 |
| Total | | | | | 6699.76 |

എന്നാൽ ഫയലുകൾ പരിശോധിച്ചതിൽ റോഡ് നിർമ്മാണത്തിന് അവലംബിക്കേണ്ട സ്പെസിഫിക്കേഷന പകരം (Code 4.1.3) തറ നിരപ്പാക്കലിന് ബാധകമായ സ്പെസിഫിക്കേഷനം, നിരക്കും (7058.80/m$^3$) അവലംബിച്ചാണ് പ്രവൃത്തി നടത്തിയിട്ടുള്ളതെന്ന് കണ്ടു (Flooring, DSR Code: 11.7).

For Flooring: (DSR Code:11.7) - Details of cost for 1m$^3$

| Cement Concrete pavement with 1:2:4 (1 Cement:2 Course sand:4 graded stone aggregate 20mm nominal size) including finishing complete | | | | | |
|---|---|---|---|---|---|
| Code No | Description | Unit | Quantity | Rate | Amount |
| 4.1.3 | Rate as per item 4.1.3 of DSR, concrete work | M3 | 1 | 4753.29/m3 | 4753.29 |
| | Labour: Extra labour for laying in floors etc | | | | |
| 0124 | Mason(brick layer) 2$^{nd}$ class | Day | 0.350 | 399.00 | 139.65 |
| 0114 | Bheldar | day | 0.180 | 329.00 | 59.22 |
| 0101 | Bhisti | day | 0.050 | 363.00 | 18.15 |

| | | | | | |
|---|---|---|---|---|---|
| 9999 | Sundries | LS | 19.760 | 1.78 | 35.17 |
| Sub Total | | | | | 5005.48 |
| Add 1% water charge except for 4.1.3 (252.19x1%) | | | | | 2.52 |
| Total | | | | | 5008 |
| Cost Index for Pathanamthitta, 40.95% | | | | | 2050.78 |
| Total | | | | | 7058.78 |

അധിക നിരക്ക് നൽകിയ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ വിവരം | അളവ് (m3) | പ്രതിഫലം നൽകിയത് (@7058.78/ m3) | അനുവദനീയമായത് (@ 6699.76/ m3) | നഷ്ടം |
|---|---|---|---|---|---|
| 1 | പ്രോജക്ട് നം. - 100/16<br>കൺവീനർ - അനിയൻ.ടി.ജി.,ചെറുപനങ്ങോട്ട്<br>ചെലവ് - ₹198344<br>ബിൽ നം., തീ. - 05/31.10.15<br>എം.ബുക്ക് നം. 61/15-16 | 9.43 | 66564.29 | 63178.73 | 3385.56 |
| 2 | പ്രോജക്ട് നം. - 61/16<br>കൺവീനർ -യോഹന്നാൻ,മണപ്പുഴക്കോലിൽ,<br>ചെലവ് - ₹300759<br>ബിൽ നം., തീ. - 44<br>25/16-03.16<br>എം.ബുക്ക് നം.- 160/15-16 | 14.4 | 101646.43 | 96476.54 | 5169.89 |
| 3 | മറോഡ് കോൺക്രീറ്റ്<br>പ്രോജക്ട് നം. - 62/16<br>കൺവീനർ - ശ്രീ രതീഷ്.പി.വി.,പരുത്തിപ്പള്ളിൽ<br>ചെലവ് - ₹248000<br>ബിൽ നം., തീ. -46/31-03-2016<br>എം.ബുക്ക് നം. 251/15-16 | 8.7 | 61411.39 | 58287.91 | 3123.47 |
| 4 | റോഡ് കോൺക്രീറ്റ് | 9.05 | 63881.96 | 60632.83 | 3249.13 |

| | | | | | |
|---|---|---|---|---|---|
| | പ്രോജക്ട് നം. - 105/16<br>കൺവീനർ - ശ്രീ ശശി.കെ.,ചക്കാലവടക്കതിൽ,പരുമല<br>ചെലവ് - ₹189364<br>ബിൽ നം., തീ. - 08/31.10.15<br>എം.ബുക്ക് നം.51/15-16 | | | | |
| 5 | റോഡ് കോൺക്രീറ്റ്<br>പ്രോജക്ട് നം. - 73/16<br>അടങ്കൽ - ₹75000<br>കൺവീനർ - ശ്രീ രാജൻ.പി.ജോർജ്ജ്,പണംതോട്ടിൽ<br>ചെലവ് - ₹131545<br>ബിൽ നം., തീ. - 07/31.10.15<br>എം.ബുക്ക് നം. 30/15-16 | 9.575 | 67587.82 | 64150.2 | 3437.62 |
| 6 | പുളിക്കൽപ്പടി- തോട്ടിൽപ്പടി റോഡ് കോൺക്രീറ്റ്<br>പ്രോജക്ട് നം. - 64/16<br>കൺവീനർ - ശ്രീ ഫിലിപ്പ്.ടി.,കൊച്ചുപറമ്പിൽ<br>ചെലവ് - 198473<br>ബിൽ നം., തീ. - 09/31.10.15<br>എം.ബുക്ക് നം.50/15-16 | 8.8 | 62117.26 | 58957.89 | 3159.38 |
| 7 | റോഡ് കോൺക്രീറ്റ്<br>പ്രോജക്ട് നം. - 75/16<br>കൺവീനർ - ശ്രീ ഹരുൺ.എച്ച്.നായർ, താന്നിക്കാട്ടേത്ത്,കടപ്ര<br>ചെലവ് - ₹249243<br>ബിൽ നം., തീ. - 06/31-10-2015<br>എം.ബുക്ക് നം.56/15-16 | 11.60 | 81881.85 | 77717.22 | 4164.63 |
| 8 | റോഡ് കോൺക്രീറ്റ്<br>പ്രോജക്ട് നം. - 72/16<br>കൺവീനർ - ശ്രീ സൂരജ്കുമാർ,മുടവേലിൽ<br>ചെലവ് - ₹215000 | 10.51 | 74187.78 | 70414.48 | 3773.3 |

| | | | | | |
|---|---|---|---|---|---|
| | ബിൽ നം., തീ. - 11/31-10-2015<br>എം.ബുക്ക് നം.62/15-16 | | | | |
| | ആകെ | | | | 29463.15 |

അധിക നിരക്ക് നൽകിയതു മൂലം ഗ്രാമപഞ്ചായത്തിനുണ്ടായ 29463 രൂപയുടെ നഷ്ടം എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ സാങ്കേതികാനുമതി നൽകിയ പുളിക്കീഴ് ബ്ലോക്ക് അസി.എക്സി.എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## (3-4) ടാറിന്റെ അധിക നിരക്ക് കണക്കാക്കിയതിൽ കുറവ് - കൺവീനർക്ക് തുക അധികം നൽകി

ഓഡിറ്റ് വർഷം ഗുണഭോക്തൃസമിതി നടപ്പാക്കിയ ടാർ പ്രവൃത്തികളിൽ ഡി.എസ്.ആർ പ്രകാരമുള്ള നിരക്കും മാർക്കറ്റ് നിരക്കും തമ്മിലുള്ള വ്യത്യാസം കണക്കാക്കി ബില്ലിൽനിന്നും കുറവു ചെയ്തതിൽ വന്ന വ്യത്യാസം മൂലം താഴെപ്പറയുംപ്രകാരം നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെച്ചേർക്കുന്നു.

| ക്രമ നം. | പ്രോജ. നം. | എം. ബുക്ക് നം.,ബിൽ നം. | ആവശ്യമായ ടാറിന്റെ അളവ്, വില | വാങ്ങിയ വില | ബില്ലിൽ നിന്ന് കുറവ് ചെയ്തത് | ചെയ്യേണ്ടിയിരുന്നത് | അധികം |
|---|---|---|---|---|---|---|---|
| 1 | 102/16 | 182/ 15-16,13/15-16 dtd.29.03.16 | 579x3.17 1835.43k@73.88 =135601 | 1746kg@ 29.53 | 1746kgx64.11 =111936 | 1746 x73.88 = 128994.48 | 128994.48 – 111936 =17058 |
| 2 | 68/16 | 217/15-16, 48/15-16 dtd.31.3.16 | 1330.16@71.4 = 95066.53 | 1330.16@31.296 | 1330.16@62.018 = 82493.86 | 1330.1@71.4 = 95066.53 | 95066-82493.86 = 12572 |
| 3 | 48/16. | 166/15-16, 35/15-16 dtd.29.3.16 | 925.64@ 71.4 = 66090.69 | 925.64x 29.86 | 925.64@ 62.018 = 57406.34 | 925.64@ 71.4 = 66090.69 | 66090.69- 57406.34 = 8684.35 |
| 4 | 80/16 | 171/15-16,28 /15-16 dtd.23.3.16 | 3416@ 44.058 | 3416x 39.79 | 3416@ 44.058 =150577.28 | 3416@ 39.79 =135922.64 | 150577.28- 135922.64 =14654.64 |
| 5 | 47/16 | 167/15-16,34 /16dtd. 29.3.16 | 1284kg @71.4 =91677.60 | 1284x 29.86 | 1284x 62.018 =79631.11 | 1284x @71.4 =91677.60 | 91677.60-79631.11 =12046.49 |
| ആകെ | | | | | | | 65015.48 |

ടാറിന്റെ അധികവില ഈടാക്കിയതിലുള്ള കുറവുമൂലം പഞ്ചായത്തുഫണ്ടിനുണ്ടായ നഷ്ടം 65015 രൂപ

നഷ്ടത്തിനുത്തരവാദിയായ അസി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## (3-5) സ്ഥാപിക്കാത്ത നെയിം ബോർഡിന് ചെലവഴിച്ച തുക തിരിച്ചടച്ചു

ഓഡിറ്റ് വർഷം ടെണ്ടർ ചെയ്ത ഷോണപ്പടി മുറ്റത്ത്പള്ളം റോഡ് [വാർഡ് 4 (proj.no.56/16)], മുറ്റത്ത്പടി കുരിയിലപ്പടി റോഡ് ടാറിംഗ് എന്നീ പ്രവൃത്തികളുടെ എം.ബുക്ക് പരിശോധിച്ചതിൽ പ്രസ്തുത റോഡുകളിൽ നെയിം ബോർഡ് സ്ഥാപിച്ചതിന് ബോർഡ് ഒന്നിന് 3000 രൂപ പ്രകാരം ആകെ 6000 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ടി സ്ഥലങ്ങളിൽ നെയിം ബോർഡ് സ്ഥാപിച്ചിട്ടില്ലായെന്ന് ഓഡിറ്റ് ടീം നടത്തിയ പ്രാദേശിക പരിശോധനയിൽ ബോദ്ധ്യപ്പെട്ടു. മാത്രമല്ല ഏകദേശം അഞ്ഞൂറ് മീറ്റർ നീളം വരുന്ന രണ്ടു റോഡിന്റേയും മദ്ധ്യഭാഗത്തായി യഥാക്രമം 186മീറ്ററും 120 മീറ്ററും നീളത്തിലാണ് ടാർ ചെയ്തിട്ടുള്ളത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റന്വേഷണത്തിന്റെ (നം.13)യടിസ്ഥാനത്തിൽ 6000 രൂപ 17.12.16 -ലെ 11604103814, 11604103816 എന്നീ രസീതുകൾ പ്രകാരം അടവാക്കി.

## (3-6) തെരുവ് നായ്ക്കളുടെ പ്രജനന നിയന്ത്രണ പരിപാടി - ജില്ലാപഞ്ചായത്തിന് തുക കൈമാറിയിട്ടും പദ്ധതി നടപ്പിലായില്ല

| | | |
|---|---|---|
| പ്രോജക്റ്റ് നം | : | 139/2016 |
| പ്രോജക്റ്റിന്റെ പേര് | : | തെരുവുനായ്ക്കളുടെ പ്രജനന നിയന്ത്രണ പരിപാടി |
| അടങ്കൽ | : | 70000 |
| ചെലവ്/ ഫണ്ടിനം | : | വികസനഫണ്ട് (ജനറൽ) |
| നിർവ്വഹണം | : | സെക്രട്ടറി |
| ചെക്ക്.നം./ തീയതി | : | 990439/21.03.16 – 70000/- |

തെരുവുനായ്ക്കളുടെ വർദ്ധനവ് തടയുന്നതിനായി ജില്ലാ പഞ്ചായത്ത് നടപ്പിലാക്കുന്ന എബിസി (ആനിമൽ ബർത്ത് കൺട്രോൾ) പ്രോഗ്രാമിന്റെ ഭാഗമായി ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ തെരുവുനായ്ക്കളുടെ പ്രജനന നിയന്ത്രണ പരിപാടി എന്ന പ്രോജക്റ്റ് പ്രകാരം തനത്ഫണ്ടിൽനിന്നും 70000രൂപ ജില്ലാ പഞ്ചായത്തിന് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ ഇതുപ്രകാരമുള്ള പ്രവർത്തനങ്ങൾ പഞ്ചായത്തുപരിധിയിൽ നടത്തിയിട്ടില്ല. തെരുവുനായ് ശല്യം രൂക്ഷമായിട്ടും, ലഭ്യമായ പണം ചെലവഴിച്ച് പദ്ധതി നടപ്പാക്കാതിരിക്കുന്നത് അധികൃതരുടെ ഭാഗത്തുള്ള വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. പ്രസ്തുത പദ്ധതി അടിയന്തിരമായി നടപ്പാക്കി പുരോഗതി നിരീക്ഷിക്കേണ്ടതും ചെലവിനെ സംബന്ധിച്ച് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ഓഡിറ്റിന് ഹാജരാക്കുന്നതുവരെ 70000രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

## (3-7) പഞ്ചായത്തിനു ലഭിച്ച സ്പെഷ്യൽ ഗ്രാന്റ് 19.3ലക്ഷം രൂപ പാഴാക്കി

ചാമക്കാല ഫിഷർമെൻ കോളനിയുടെ സംരക്ഷണ - പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി 2014-15ൽ ലഭിച്ച തുക യഥാസമയം പൂർണ്ണമായും ചെലവഴിക്കാതിരുന്നതിനാൽ പാഴായി. സംസ്ഥാന സർക്കാർ സ്ഥാപനമായ കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്പ്മെന്റ് കോർപ്പറേഷനാണ് (KSCADC) രണ്ടു തവണയായി 28.7ലക്ഷം രൂപ (13-ാം ധനകാര്യ കമ്മീഷൻ അവാർഡ്) ഗ്രാമപ്പഞ്ചായത്തിന് നൽകിയത്. തുക വിനിയോഗിക്കുന്നതിനുള്ള അവസാന തീയതി 30.09.2016 ആയിരുന്നു.

കോളനിയിൽ സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി 20.7ലക്ഷം രൂപയും കിണർ പുനരുദ്ധാരണത്തിനായി എട്ടുലക്ഷം രൂപയുമാണ് ഗ്രാമപഞ്ചായത്തിന് ലഭിച്ചത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ലഭിച്ച തുക | ഡി.ഡി.നം./തീയതി |
|---|---|
| 800000 | 219785/06.02.2015 |
| 2070000 | 962520/18.02.2015 |

2015-16ൽ 'ചാമക്കാല ഫിഷർമെൻ കോളനി സംരക്ഷണഭിത്തി നിർമ്മാണം' (പ്രോജക്ട് നം 93/2016)എന്ന പ്രോജക്ട് ആവിഷ്കരിച്ചെങ്കിലും 694375രൂപയുടെ നിർമ്മാണ പ്രവർത്തനം മാത്രമാണ് നടത്തിയത്. 2016-17ൽ പ്രോജക്ട് സ്പിൽ ഓവറായി നടപ്പാക്കാൻ തീരുമാനിക്കുകയും 244670രൂപകൂടി ചെലവഴിക്കുകയും ചെയ്തു. ഇപ്രകാരം 939045രൂപയാണ് ആകെ ചെലവ്.

13-ാം ധനകാര്യ കമ്മീഷൻ അവാർഡിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പദ്ധതികളുടെ കാലാവധി 30.09.2016ൽ അവസാനിക്കുന്നതിനാൽ ടി തീയതിക്കകം ചെലവഴിക്കാത്ത ഫണ്ട് തിരിച്ചടയ്ക്കണമെന്ന് 27.05.2016ലെ ജി.ഒ (ആർ.റ്റി.)നം.4768/ഫിൻ നമ്പർ ഉത്തരവ് പ്രകാരം സർക്കാർ നിർദ്ദേശിച്ചിരുന്നു. കൂടാതെ ഇതു സംബന്ധിച്ച് KSCADC ഒന്നിലേറെത്തവണ ഗ്രാമപഞ്ചായത്തിന് ഓർമ്മക്കുറിപ്പും അയച്ചിരുന്നു. എന്നാൽ ഈ നിർദ്ദേശങ്ങളെല്ലാം ഗ്രാമപ്പഞ്ചായത്ത് അവഗണിക്കുകയാണുണ്ടായത്. ഇക്കാരണത്താൽ, ചെലവഴിക്കാതെ അവശേഷിക്കുന്ന 1930955രൂപ തിരിച്ചടയ്ക്കേണ്ട അവസ്ഥയിലാണ്. യഥാസമയം പദ്ധതി ആവിഷ്കരിച്ച് തുക ചെലവഴിക്കാതിരുന്നത് ശരിയായ നടപടിയല്ല. അടിയന്തിരമായി സർക്കാരിനെ സമീപിച്ച് ഇക്കാര്യത്തിൽ ഇളവ് സമ്പാദിക്കേണ്ടതും തുക പൂർണ്ണമായും ചെലവഴിക്കേണ്ടതുമാണ്. ഈ വിഷയത്തിന്മേൽ ഭരണവകുപ്പിന്റെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## (3-8) വയോജന സംഗമം - മാനസിക ഉല്ലാസ പരിപാടി - മാർഗ്ഗരേഖയുടെ ലംഘനം

മെഡിക്കൽ ഓഫീസർ, പി.എച്ച്.സി നിർവ്വഹണം നടത്തിയ വയോജന സംഗമം - മാനസിക ഉല്ലാസ പരിപാടി (നം.S 0111/2016) എന്ന പ്രോജക്ട് പ്രകാരം 30000 രൂപ ചെലവഴിച്ച് വയോജനങ്ങൾക്കായി ഉല്ലാസ യാത്ര സംഘടിപ്പിച്ചിട്ടുണ്ട്.

എന്നാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതിയുടെ ഭാഗമായി ഉല്ലാസ – പഠന യാത്രകൾ ഏറ്റെടുത്തു നടത്തുവാൻ പാടില്ലായെന്ന് പന്ത്രണ്ടാം പദ്ധതി മാർഗ്ഗരേഖയിലെ [ജി.ഒ.(എം.എസ്) നം.362/2013ത.സ്വ.ഭ.വ തീയതി 13.11.2013] അനുബന്ധം 16ഖണ്ഡിക നം.7.7ൽ സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി പ്രസ്തുത പ്രോജക്ട് ആവിഷ്കരിച്ച് നടപ്പിലാക്കിയത് തെറ്റായ നടപടിയാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.12 തീയതി 16.12.2016) മറുപടി ലഭ്യമാക്കിയത് അംഗീകരിക്കുന്നില്ല. ആയതിനാൽ ഈയിനത്തിൽ ചെലവ് ചെയ്ത 30000 രൂപ നിരാകരിക്കുന്നു.

## (3-9) പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ : അധികം തുക ചെലവഴിച്ചു

17.01.2016, 21.02.2016 തീയതികളിലെ പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ പ്രോഗ്രാമിനായി ഗ്രാമപഞ്ചായത്തുകളുടെ തനത് ഫണ്ടിൽനിന്ന് 10000 രൂപവരെ ചെലവഴിക്കുന്നതിന് 05.01.2016 ലെ സർക്കാർ ഉത്തരവ് (സാധാ.)നം. 32/2016 ത.സ്വ.ഭ.വ. പ്രകാരം അനുമതി നൽകിയിരുന്നു. എന്നാൽ പ്രസ്തുത പ്രോഗ്രാമിനും പ്രതിവാര രോഗപ്രതിരോധ പ്രവർത്തനങ്ങളുടെ ചെലവിനുമായി മെഡിക്കൽ ഓഫീസർ, പി.എച്ച്.സി നിർവ്വഹണം നടത്തിയ 'പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ' (നം.109/2016) എന്ന പ്രോജക്ട് പ്രകാരം 30000 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ പൾസ് പോളിയോയുടെ ചെലവ് 15000 രൂപയാണ്. സർക്കാർ ഉത്തരവിനു വിരുദ്ധമായി അധിക തുക വകയിരുത്തുകയും ചെലവഴിക്കുകയും ചെയ്തത് ക്രമപ്രകാരമല്ല. സർക്കാർ ഉത്തരവിനു വിരുദ്ധമായി തുക വകയിരുത്തിയത് പഞ്ചായത്തിന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ക്രമവിരുദ്ധമായി ചെലവഴിച്ച 5000 രൂപ തടസ്സപ്പെടുത്തുന്നു.

## (3-10 ) ആശുപത്രിക്ക് മരുന്നു വാങ്ങൽ : മരുന്ന് പൂർണ്ണമായും ലഭിച്ചില്ല

പി.എച്ച്.സിയിലേക്ക് മരുന്നു വാങ്ങുന്നതിനായി മെഡിക്കൽ ഓഫീസർ, പി.എച്ച്.സി ആവിഷ്കരിച്ച 'പി.എച്ച്.സി ആശുപത്രിക്ക് മരുന്നു വാങ്ങൽ ' (പ്രോജക്ട് നം.S 0108/2016) എന്ന പദ്ധതി പ്രകാരം മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) ഇനത്തിൽ 50000രൂപ പിൻവലിച്ച് തിരുവനന്തപുരം മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ പേരിൽ ഡിഡിയായി നൽകിയിട്ടുണ്ട്. എന്നാൽ പതിനയ്യായിരം രൂപയുള്ള മരുന്നുകൾ മാത്രമാണ് നാളിതുവരെ ലഭിച്ചിട്ടുള്ളത്. ബാക്കി തുകയ്ക്കുള്ള മരുന്ന് ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. 35000 രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## (3-11) പത്താംതരം വിദ്യാർത്ഥികൾക്ക് സൈക്കിൾ: വിതരണം നടത്തിയത് മാർച്ചിൽ

പത്താം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്ക് പഠന പ്രോത്സാഹനത്തിനായി വിഭാവനം ചെയ്ത 'പത്താംതരം വിദ്യാർത്ഥികൾക്ക് സൈക്കിൾ ' (പ്രോജക്ട് നം.S 0036/2016) എന്ന പ്രോജക്ട് പ്രകാരമുള്ള സൈക്കിളുകൾ വിതരണം ചെയ്തത് കുട്ടികളുടെ പഠനം കഴിഞ്ഞതിനുശേഷം മാത്രമാണ്. അസിസ്റ്റന്റ് സെക്രട്ടറിയായിരുന്നു പദ്ധതി നിർവ്വഹണം നടത്തിയത്. എസ്.സി.പി ഫണ്ടിൽനിന്ന് 43960രൂപ ചെലവഴിച്ചാണ് 12 വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകിയത്. (ബിൽനം.781/2016 തീയതി 15.03.2016). 16.03.2016ൽ മാത്രമാണ് സൈക്കിളുകൾ വിതരണം ചെയ്തിട്ടുള്ളതെന്ന് ഫയൽ പരിശോധിച്ചതിൽ വ്യക്തമായി.

സ്കൂളിൽ പോകുന്ന കുട്ടികൾക്കായി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികളുടെ നിർവ്വഹണത്തിൽ അവശ്യം വേണ്ട സമയക്രമം പാലിക്കാതിരുന്നതിനാൽ പ്രോജക്ടിന്റെ ഉദ്ദേശ്യലക്ഷ്യം നിറവേറ്റിയിട്ടില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഭാവിയിൽ ഇത്തരം വീഴ്ച ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതാണ്.

## (3-12) എസ്.എസ്.എ പദ്ധതിക്കായി മാർഗ്ഗനിർദ്ദേശം പാലിക്കാതെ എസ്.സി.പി ഫണ്ട് ചെലവഴിച്ചു

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ എസ്.എസ്.എ പദ്ധതിക്കായി (പ്രോജക്ട് നം.S 0041/2016) സർക്കാർ മാർഗ്ഗനിർദ്ദേശം പാലിക്കാതെ ഒരു ലക്ഷം രൂപ എസ്.സി.പി ഫണ്ട് ചെലവഴിച്ചു.

വിദ്യാലയങ്ങളിൽ പഠിക്കുന്ന പൊതുവിഭാഗം, പട്ടികജാതി വിഭാഗം, പട്ടികവർഗ്ഗ വിഭാഗം കുട്ടികളുടെ എണ്ണത്തിന്റെ അനുപാതത്തിൽ എസ്.എസ്.എ വിഹിതം വകയിരുത്താവുന്നതാണെന്നും എന്നാൽ ഓരോ സ്കൂളിലേയും ഓരോ വിഭാഗം കുട്ടികളുടെയും എണ്ണവും ശതമാനവും സംബന്ധിച്ച് സ്കൂൾ ഹെഡ്മാസ്റ്ററുടെ സാക്ഷ്യപത്രം നിർബന്ധമായും പ്രോജക്ടിനൊപ്പം സമർപ്പിക്കണം എന്നും പന്ത്രണ്ടാം പദ്ധതി മാർഗ്ഗരേഖയുടെ [ജി.ഒ.(എം.എസ്) നം.362/2013ത.സ്വ.ഭ.വ തീയതി 13.11.2013] എട്ടാം ഖണ്ഡികയിൽ സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ കൃത്യമായ കണക്ക് ശേഖരിക്കുകയോ ആനുപാതിക തുക കണക്കാക്കുകയോ ചെയ്യാതെയാണ് എസ്.സി.പി ഫണ്ട് വകയിരുത്തി, പ്രോജക്ട് ആവിഷ്കരിച്ച് നടപ്പിലാക്കിയിരിക്കുന്നത്.

തൻവർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ എസ്.എസ്.എ പ്രോജക്ട് നം.S 0004/2016 പ്രകാരം വികസനഫണ്ട് (ജനറൽ) ൽനിന്നും 2 ലക്ഷം രൂപയും കൂടിച്ചേർത്ത് തൻവർഷം ആകെ മൂന്ന് ലക്ഷം രൂപയാണ് എസ്.എസ്.എ ജില്ലാ പ്രോജക്ട് ഓഫീസിലേക്ക് നൽകിയിട്ടുള്ളത്. [ഡി.ഡി നം.711711 തീയതി 27.01.2016 തുക 100000, ഡി.ഡി നം.710892 തീയതി 29.09.2015 തുക200000]. മൂന്നുലക്ഷം രൂപ തൻവർഷം ചെലവഴിച്ചിട്ടുണ്ട് എന്നാണ് ജില്ലാ പ്രോജക്ട് ഓഫീസറുടെ 08.07.2016ലെ കത്തിൽ പറഞ്ഞിരിക്കുന്നത്. പ്രസ്തുത തുക ഈ പഞ്ചായത്ത് പരിധിയിലെ ഏതൊക്കെ സ്കൂളുകളിൽ എപ്രകാരം വിനിയോഗിച്ചുവെന്നതിന്റെ വിശദമായ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കാത്ത സാഹചര്യത്തിൽ മേൽ പദ്ധതികൾക്കായി ചെലവഴിച്ച മൂന്നുലക്ഷം രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## (3-13) പമ്പ് സെറ്റ് വിതരണം:ഗുണഭോക്താക്കളുടെ അർഹത പരിശോധിച്ച് ഉറപ്പുവരുത്തിയില്ല

2015-16 വർഷം കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ 'ജലസേചനത്തിനായി പമ്പ് സെറ്റ് വിതരണം' (പ്രോജക്റ്റ് നം.45/2016) എന്ന പ്രോജക്റ്റ് പ്രകാരം സബ്സിഡിയിനത്തിൽ പൊതുവിഭാഗം വികസനഫണ്ടിൽനിന്നും 94443 രൂപ 19ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്. എന്നാൽ ഇവരുടെ സ്ഥിരതാമസം, വരുമാനം, തൊഴിൽ എന്നിവ പരിശോധിച്ച് അർഹത ഉറപ്പുവരുത്തിയിട്ടല്ല പ്രസ്തുത ആനുകൂല്യം നൽകിയിട്ടുള്ളത്.

വിദേശത്ത് ജോലിയുള്ളവരും, സർക്കാർ - അർദ്ധ സർക്കാർ - പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരും സബ്സിഡിക്ക് അർഹരല്ലായെന്ന് പന്ത്രണ്ടാം പദ്ധതി മാർഗ്ഗരേഖ [ജി.ഒ.(എം.എസ്) നം.362/2013ത.സ്വ.ഭ.വ തീയതി 13.11.2013] വ്യക്തമാക്കുന്നു. മേൽപ്പറഞ്ഞ പ്രോജക്റ്റിന്റെ ഗുണഭോക്താക്കളുടെ അർഹത ഉറപ്പുവരുത്തുന്നതിനായി റേഷൻകാർഡിന്റെ പകർപ്പ് വാങ്ങി ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഇക്കാരണത്താൽ, അനർഹർക്ക് ആനുകൂല്യം ലഭിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കാൻ ഓഡിററിൽ സാധിച്ചിട്ടില്ല. ഭാവിയിൽ ഇത്തരം വീഴ്ച ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## (3-14 ) പിരിച്ചെടുത്ത ലൈബ്രറി സെസ്സ് തനതുഫണ്ടിൽ സൂക്ഷിക്കുന്നു

ലൈബ്രറി സെസ്സ് ഇനത്തിൽ പിരിച്ചെടുക്കുന്ന തുക യഥാസമയം ലൈബ്രറി കൗൺസിലിൽ ഒടുക്കാതെ തനതുഫണ്ടിൽ സൂക്ഷിച്ചുവരുന്നു. 2015-16 സാമ്പത്തിക വർഷത്തെ തുകയായ 110814.15 രൂപ നാളിതുവരെ ഒടുക്കിയിട്ടില്ല.

ലൈബ്രറി സെസ്സ് ഇനത്തിൽ പിരിക്കുന്ന തുക രണ്ട് ഗഡുക്കളായി ലൈബ്രറി കൗൺസിലിന് നൽകേണ്ടതാണ്. ആദ്യ ഗഡു ഏപ്രിൽ 30-നകവും, 2-ഗഡു നവംബർ 30-നകവും അടക്കേണ്ടതാണ്. ഇതിൽ വീഴ്ചവരുത്തുന്ന പക്ഷം അത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയുടെ വ്യക്തിപരമായ ബാദ്ധ്യതയായി കണക്കാക്കുന്നതും, ഈ കാലയളവിലെ പലിശ സെക്രട്ടറിയുടെ പക്കൽനിന്നും ഈടാക്കുന്നതുമാണെന്ന് 20.09.05-ലെ 10088/എൽ.3 /05/ത.സ്വ.ഭ.വ. നമ്പർ സർക്കുലർ പ്രകാരം സർക്കാർ വ്യക്തമാക്കിയിട്ടുള്ളതാണ്. ഈ സാഹചര്യത്തിൽ കുടിശ്ശിക തുക എത്രയും വേഗം ലൈബ്രറി കൗൺസിലിൽ ഒടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## (3-15) ഇ.എം.എസ് ഭവനപദ്ധതി പൂർത്തീകരിച്ചില്ല

ഇ.എം.എസ് ഭവനപദ്ധതി പ്രകാരം 40 ഗുണഭോക്താക്കൾ കരാറിലേർപ്പെട്ട് വീട് നിർമ്മാണം ആരംഭിച്ചുവെങ്കിലും നാളിതുവരെ 34 പേർ മാത്രമാണ് വീടുനിർമ്മാണം പൂർത്തിയാക്കി മുഴുവൻ ഗഡുക്കളും കൈപ്പറ്റിയിട്ടുള്ളത്. ഭവനനിർമ്മാണം പൂർത്തീകരിക്കുവാനുള്ളവരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ ഗഡുക്കളുടെ എണ്ണം | കൈപ്പറ്റിയ തുക | ഡി.ഡി.നം./ ചെക്ക് നം./ തീയതി | കൈപ്പറ്റിയ ആകെ തുക |
|---|---|---|---|---|---|
| 1 | ബിൽ സാന്റിയ, ഇലഞ്ഞിമൂട്ടിൽ താഴ്ചയിൽ | 2 | 22500<br>30000 | 428630 / 6.4.2010<br>14404 / 7.10.2010 | 52500 |
| 2 | അന്നമ്മ രാജപ്പൻ, ഇലഞ്ഞിമൂട്ടിൽ താഴ്ചയിൽ | 2 | 22500<br>30000 | 428631 / 6.4.2010<br>14440 / 7.10.2010 | 52500 |
| 3 | ഷാജിരാജു, ഇലഞ്ഞിമൂട്ടിൽ താഴ്ചയിൽ | 2 | 22500<br>30000 | 428629 / 6.4.2010<br>14583/ 7.10.2010 | 52500 |

| | | | | | |
|---|---|---|---|---|---|
| 4 | ലാലി റോയി ഇലഞ്ഞിമൂട്ടിൽ താഴ്ചയിൽ | 2 | 22500<br>30000 | 428633 / 6.4.2010<br>14403 / 7.10.2010 | 52500 |
| 5 | പൊന്നമ്മ മാത്യു , കോച്ചേരിൽ | 2 | 22500<br>30000 | 428642 / 6.4.2010<br>14905 / 7.10.2010 | 52500 |
| 6 | റജി.എ.ജി, ആലുനിൽക്കുന്നതിൽ | 2 | 22500<br>30000 | 14482 / 9.2.2011<br>14486 / 23.03.2010 | 52500 |

ടി ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം തുക 12% പിഴപ്പലിശ സഹിതം ഈടാക്കാൻ നടപടി സ്വീകരിക്കുകയോ, റവന്യൂ റിക്കവറി നടപടിക്ക് ശുപാർശ ചെയ്ത് തുക ഈടാക്കുകയോ ചെയ്യേണ്ടതാണ്.

## (3-16) ഇ.എം.എസ് ഭവന പദ്ധതി: അക്കൌണ്ടിൽ നിഷ്ക്രിയമായി കിടക്കുന്നത് 14.4ലക്ഷം രൂപ

ഇ.എം.എസ് ഭവന പദ്ധതിക്കുവേണ്ടി എടുത്ത ലോൺ തുകയിൽ 14.4ലക്ഷം രൂപ തിരിച്ചടയ്ക്കാതെ വി.ഇ.ഒയുടെയും പഞ്ചായത്ത് പ്രസിഡന്റിന്റെയും പേരിലുള്ള സംയുക്ത അക്കൌണ്ടിൽ സൂക്ഷിക്കുന്നു. പദ്ധതിയുടെ ഗുണഭോക്താക്കളിൽ ആറുപേർ മാത്രമാണ് പണി പൂർത്തീകരിക്കുവാനുള്ളത്. ഇവർക്ക് നൽകാനായി 3,60,000രൂപ മാത്രം ആവശ്യമുള്ള സ്ഥാനത്താണ് ഇത്രയും തുക അനധികൃതമായി അക്കൌണ്ടിൽ നിലനിർത്തിയിരിക്കുന്നത്.

2010 ലാണ് ഇ.എം.എസ് ഭവന പദ്ധതിക്കായി കടപ്ര സർവ്വീസ് സഹകരണ ബാങ്കിൽനിന്ന് മുപ്പതു ലക്ഷം രൂപ ലോൺ എടുത്തത്. തുടർന്നുള്ള വർഷങ്ങളിലായി ലോൺ തുക മുഴുവനും അടച്ചു തീർത്തിട്ടുണ്ട്. ഗുണഭോക്താക്കളുടെ എണ്ണത്തിന് ആനുപാതികമായ തുക മാത്രം അക്കൌണ്ടിൽ നിലനിർത്തി, അധികമുള്ള തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരികെ അടയ്ക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## (3-17) ഇ.എം.എസ് ഭവന പദ്ധതി: ഗുണഭോക്കളിൽനിന്ന് തിരികെ ഈടാക്കിയ തുക കൺസോളിഡേറ്റഡ് ഫണ്ടിൽ അടച്ചില്ല

ഇ.എം.എസ് ഭവന പദ്ധതി പ്രകാരം ആനുകൂല്യം കൈപ്പറ്റിയ രണ്ട് ഗുണഭോക്താക്കൾ തങ്ങളുടെ പേരിലുള്ള ഭൂമി വിറ്റ് കൈയൊഴിഞ്ഞതിനാൽ, ഗ്രാമപ്പഞ്ചായത്തിൽനിന്ന് ധനസഹായമായി ലഭിച്ച തുക പലിശ സഹിതം പഞ്ചായത്ത് ഫണ്ടിലേക്ക് തിരിച്ചടച്ചു. 127500 രൂപയാണ് ഈയിനത്തിൽ പഞ്ചായത്ത് ഫണ്ടിൽ ലഭിച്ചത്. എന്നാൽ ഗ്രാമപ്പഞ്ചായത്ത് ഈ തുക നാളിതുവരെ കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കിയിട്ടില്ല. ഇത് ധനവിനിയോഗ മാർഗ്ഗരേഖയുടെ ലംഘനമാണ്. തുക അടിയന്തിരമായി കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## (4-1 ) സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ഇല്ല | | | | |

## (4-2 ) നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര്, പ്രോജക്ട് നം. | ചലാൻ നമ്പർ | തുക | പൂർത്തീകരിച്ച വിവരം |
|---|---|---|---|---|
| PWD ഇലക്ട്രിക്കൽ വിഭാഗം, പത്തനംതിട്ട | ഐ.സി.ഡി.പി സബ്സെന്റർ, കടപ്ര വൈദ്യുതീകരണം - 122/2016 | 26/15.06.2016 | 42920 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല |
| | പി.എച്ച്.സി സബ് സെന്റർ വൈദ്യുതീകരണം 123/2016 | 20/15.06.2016 | 40600 | |
| | അങ്കണവാടികളുടെ വൈദ്യുതീകരണം 124/2016 | 24/15.06.2016 | 42920 | |
| | -ടി- | 22/15.06.2016 | 73080 | |
| | ഗവ.ആയുർവേദ ആശുപത്രി വൈദ്യുതീകരണം 50/2016 | 28/15.06.2016 | 78880 | |

## (4-3) മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

| ക്രമ നം. | പ്രവൃത്തിയുടെ പേര് | കൺവീനർ | ബിൽ വൗച്ചർ നമ്പർ | തുക | ക്രമീകരിച്ചത് | ബാക്കി | റിമാർക്സ് |
|---|---|---|---|---|---|---|---|
| ഇല്ല | | | | | | | |

## (4-4) (i)വായ്പ / വിനിയോഗം / വീഴ്ചകൾ എന്നിവയുടെ വിവരം

| ക്രമ നം. | 2015-16 ൽ ലഭിച്ച വായ്പ | ഉദ്ദേശ്യം | നിശ്ചിത കാലാവധിയിൽ ചെലവഴിച്ച തുക | വിനിയോഗിയ്ക്കാൻ അവശേഷിക്കുന്നത് | ഉദ്ദേശ്യലക്ഷ്യം നേടിത് സംബന്ധിച്ച വിവരം |
|---|---|---|---|---|---|
| ഇല്ല | | | | | |

(ii) വായ്പ തിരിച്ചടവിന്റെ വിവരം

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |

| |
|---|
| ഇല്ല |

## (4-5 ) സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## (4-6 ) ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ ഓഡിറ്റ് കാലയളവിൽ ലഭിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2014-15 | 2-1 | 1250 | മാനേജർ, SCB കടപ്ര | 11604102570/30.09.2016 |
| | | 1250 | മാനേജർ, IOB കടപ്ര | 11604400008/22.09.2016 |
| | | 1250 | മാനേജർ, മാവേലി സ്റ്റോർ,പരുമല | 11604103144/21.10.2016 |
| 2014-15 | 2-2 | 150 | ശ്രീമതി കല്യാണി പി.എസ്, PTS, പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്ത്. | 11604103200/25.10.2016 |
| | | 250 | ശ്രീമതി സിന്ധു, O.A, കണ്ണശ്ശ എൽ.പി.സ്കൂൾ, കടപ്ര | 11604103190/25.10.2016 |
| 2014-15 | 2-3 | 13750 | സബ് ഇൻസ്പെക്ടർ ഓഫ് പോലീസ്, കടപ്ര | 11604460009/11.11.2016 |
| ആകെ | | 17900 | | |

## (4-7 ) സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ

വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക നം. | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 3-9 | 2003-04 | 3.3.7 | മണൽ ലേലം ഇനത്തിൽ തുക ഈടാക്കിയിട്ടില്ല | പരാമർശം നിലനിൽക്കുന്നു |

## (4-8) ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 46753990 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 39144587 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 124478 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 410000 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 29463 | ശ്രീ .ജിപ്സൺ ജോസ്, അസി.എഞ്ചിനീയർ<br>ശ്രീ.സാം മാത്യു, അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-4 | 65015 | ശ്രീ .ജിപ്സൺ ജോസ്, അസി.എഞ്ചിനീയർ |
| 3-8 | 30000 | ശ്രീമതി രേഖ എം.രവീന്ദ്രൻ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| ആകെ | 124478 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 70000 | ശ്രീ സതീഷ് കുമാർ.കെ, സെക്രട്ടറി |
| 3-9 | 5000 | ശ്രീമതി രേഖ എം.രവീന്ദ്രൻ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 3-10 | 35000 | ശ്രീമതി രേഖ എം.രവീന്ദ്രൻ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |

| | | |
|---|---|---|
| 3-12 | 300000 | 200000 ശ്രീ.സതീഷ് കുമാർ.കെ, സെക്രട്ടറി<br>100000 ശ്രീ.സനൽകുമാർ, അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ | 410000 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം | തുക |
|---|---|
| 3-1 | 1750 |

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ .ജിപ്സൺ ജോസ്, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ,<br>പഞ്ചായത്ത്, | അടിച്ചിലിമാക്കൽ, കല്ലുമല പി.ഒ, മാവേലിക്കര |
| ശ്രീ.സാം മാത്യു<br>അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ,<br>പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്ത് | ഗ്രേസ് കോട്ടേജ്, തീപ്പനി, തിരുവല്ല.689101 |
| ശ്രീമതി രേഖ എം.രവീന്ദ്രൻ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, കടപ്ര ഗ്രാമപഞ്ചായത്ത് | ദേവാമൃതം, തുരുവിക്കൽ പി.ഒ, തിരുവനന്തപുരം |

## (4-9 ) തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ക്രമ നമ്പർ | ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|---|
| 1 | 1995-96 | എൽ.എഫ്.പി.റ്റി.എ. പി3-590/96 തീയതി.10-7-1997 | 2 എണ്ണം [ഖണ്ഡികകൾ 12, 18(1)] |
| 2 | 1997-98 | എൽ.എഫ്.പി.റ്റി.എ. പി4-621/02 തീയതി.7-02-03/10-04-03 | 1എണ്ണം [ഖണ്ഡികകൾ 33] |
| 3 | 2001-02 | എൽ.എഫ്.പി.റ്റി.എ. പി4-536/03 തീയതി.11-02-04/30-04-04 | 4എണ്ണം [ഖണ്ഡികകൾ 6,7,9,12] |

| | | | |
|---|---|---|---|
| 4 | 2001-02 ചെലവ് | എൽ.എഫ്.പി.റ്റി.എ. പി4-474/05 തീയതി.15-10-05/07-12-05 | 2എണ്ണം [ഖണ്ഡികകൾ 2-1(B), 5] |
| 5 | 2003-04 | എൽ.എഫ്.പി.റ്റി.എ. പി6-850/09 തീയതി.27-02-10/29-10-11 | 5എണ്ണം [ഖണ്ഡികകൾ 3-1, 3-2, 3-3, 3-4, 3-6] |
| 6 | 2004-05 | എൽ.എഫ്.പി.റ്റി.എ. പി6-697/10 തീയതി.2-11-11/05-02-13 | 8എണ്ണം [ഖണ്ഡികകൾ3-4, 3-5, 3-6, 3-8, 3-9, 3-10, 3-15, 3-16] |
| 7 | 2005-06 | എൽ.എഫ്.പി.റ്റി.എ. പി6-698/10 തീയതി.21-11-11/05-02-13 | 8 എണ്ണം [ഖണ്ഡികകൾ 3-1, 3-3, 3-4, 3-5, 3-9, 3-10, 3-2, 3-7] |
| 8 | 2006-07 | എൽ.എഫ്.പി.റ്റി.എ. പി7-793/11 തീയതി.20-12-11/05-02-13 | 5എണ്ണം [ഖണ്ഡികകൾ3-2 മുതൽ 3-6 വരെ |
| 9 | 2007-08 | എൽ.എഫ്.പി.റ്റി.എ. പി7-793(A)/11 തീയതി.21-12-11/05-02-13 | 7എണ്ണം [ഖണ്ഡികകൾ3-5, 3-6, 3-7, 3-8, 3-9(1), 3-9(2), 3-10, 3-12] |
| 10 | 2008-09 മുതൽ 2011-12 വരെ | എൽ.എഫ്.പി.റ്റി.എ. പി11-38/13 തീയതി.23-03-13/27-07-13 | |
| 11 | 2012-13, 2013-14 | എൽ.എഫ്.പി.റ്റി.എ. പി4-885/14 തീയതി.14-11-14/18-11-14 | |
| 12 | 2014-15 | കെ.എസ്.എ.പി.റ്റി.എ പി. | |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഹബീബ് മുഹമ്മദ്

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ്

വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.പി.റ്റി.എ.പി4/1383 /2016 തീയതി : 03.01.2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പും, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ് എന്നിവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും, പത്തനംതിട്ട ജില്ലയിലെ കടപ്ര ഗ്രാമ പഞ്ചായത്തിന്റെ 2015-16വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ ഖണ്ഡിക 1-3-ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കടപ്ര ഗ്രാമപഞ്ചായത്തിന്റെ 2015-16ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഹബീബ് മുഹമ്മദ്

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ്

വകുപ്പ്,

പത്തനംതിട്ട

# Annexure-1

# AUDIT CERTIFICATE

No.K.S.A.PTA. P4/1383/2016 Dated :03.01.2017

Certified that I have examined the Annual Financial Statement of Kadapra Grama Panchayat in Pathanamthitta district for the year ended on 31.03.2016 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under the guidelines isssued by the Comptroller and Auditor General of India for the purpose of certification of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Kadapra Grama Panchayat for the year 2015-16 except the obeservations in the para.1-3 of my report, properly presents the picture of income and expenditure.

HABEEB MOHAMMED

Deputy Director

Kerala State Audit Department

Pathanamthitta